ജനയുഗം
JANAYUGOM

02 June 2019

# കോഴിമുട്ട ഉൽപാദനത്തിന് വീട്ടുവളപ്പ് യൂണിറ്റുകളുമായി കെവികെ

കൊച്ചി: സി എം എഫ് ആർ ഐ ക്ക് കീഴിലെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം ഉൽപാദിപ്പിക്കുന്ന മുട്ടകൾ കൊച്ചി നഗരത്തിലെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്ന വിധത്തിൽ ഞാറയ്ക്കൽ പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങളിൽ വീട്ടുവളപ്പ് യൂണിറ്റുകൾ സ്ഥാപിച്ചു.

കൂട്, മുട്ടക്കോഴികൾ, തീറ്റ എന്നിവയടങ്ങുന്ന യൂണിറ്റുകൾ പട്ടികജാതി വിഭാഗത്തിലെ ബിപിഎൽ പരിധിയിൽ വരുന്ന തിരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് സി എം എഫ് ആർ ഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ വിതരണം ചെയ്തു.



കൂട്, മുട്ടക്കോഴികൾ, തീറ്റ എന്നിവയടങ്ങുന്ന മുട്ട ഉൽപാദന യൂണിറ്റുകളുടെ വിതരണം സിഎംഎഫ്ആർഐ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ നിർവഹിക്കുന്നു.

45 യൂണിറ്റുകളാണ് ആദ്യഘട്ടത്തിൽ പ്രവർത്തിക്കുന്നത്. ഏകദേശം ഒരുലക്ഷം മുട്ടകൾ പ്രതിവർഷം ഉൽപാദിപ്പിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. യൂണിറ്റുകളിൽ നിന്ന് ഉൽപാദിപ്പിക്കുന്ന കോഴിമുട്ടകൾ സിഎംഎഫ്ആർഐയിൽ സ്ഥിതി ചെയ്യുന്ന കെവികെയുടെ തന്നെ ഫാം ഷോപ്പിയിലൂടെ വിപണനം നടത്തും. കൊച്ചി നഗരത്തിൽ സ്വന്തമായി കോഴി വളർത്തലിൽ താൽപര്യമുള്ള ധാരാളം വീട്ടമ്മമാർ ഉണ്ടെങ്കിലും മതിയായ സ്ഥലസൗകര്യമില്ലാത്തതിനാലാണ് ഗ്രാമത്തിൽ ഉത്പാദനവും നഗരത്തിൽ വിപണനവും വിഭാവനം ചെയ്യുന്ന ഈ പദ്ധതിക്ക് കെവികെ തുടക്കമിട്ടതെന്ന് കെവികെ മേധാവി ഡോ ഷിനോജ് സുബ്രമണ്യൻ പറഞ്ഞു.

ഗ്രാമങ്ങളിലെ വീട്ടമ്മമാർക്ക് അവരുടെ സ്ഥിരം ജോലികൾക്ക് തടസ്സമാകാതെ തന്നെ മുട്ട ഉൽപാദന യൂണിറ്റുകളിൽ പ്രവർത്തിക്കാനാകും.

പിറവം ഭാഗത്തെ ഗൃഹ യൂണിറ്റുകൾ വഴി ഉൽപാദിപ്പിക്കുന്ന നാടൻ കോഴിമുട്ടകൾ കെവികെയുടെ ഫാം ഷോപ്പിയിൽ ഇപ്പോൾ തന്നെ ലഭ്യമാണ്.